## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **10-10-2024 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലാ ആർ.ഡി.ഡി. ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ല ഉൾപ്പെടുന്ന ആർ.ഡി.ഡി. ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന വിദ്യാഭ്യാസ ജില്ലകൾ ഏതൊക്കെയാണ് എന്ന് അറിയിക്കുമോ; ഏതൊക്കെ വിഭാഗം ജീവനക്കാരുടെ എന്തെല്ലാം ആവശ്യങ്ങളിലാണ് ഒരു ആർ.ഡി.ഡി ഓഫീസ് മുഖാന്തരം നടപടി സ്വീകരിക്കപ്പെടുന്നത് എന്ന് അറിയിക്കുമോ; വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഒരു ഉദ്യോഗസ്ഥന് ഏതെല്ലാം ആവശ്യങ്ങൾക്ക് ആർ.ഡി.ഡി. ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് എന്ന് വ്യക്തമാക്കുമോ; | (എ) | **പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറ എറണാകുളം ആർ ഡി ഡി-ക്ക് കീഴിൽ എറണാകുളം, തൃശ്ശൂർ എന്നീ 2 റവന്യൂ ജില്ലകളിലായി താഴെപറയുന്ന വിദ്യാഭ്യാസ ജില്ലകളാണ് ഉള്ളത്.**<br><br>**എറണാകുളം ജില്ല- എറണാകുളം, ആലുവ, കോതമംഗലം, മൂവാറ്റുപുഴ.**<br><br>**തൃശ്ശൂർ ജില്ല- തൃശ്ശൂർ, ചാവക്കാട്, ഇരിങ്ങാലക്കുട**<br><br>**തൃശ്ശൂർ, എറണാകുളം ജില്ലകളിലെ എയ്ഡഡ് ഹയർ സെക്കന്ററി അധ്യാപകരുടെയും, ലാബ് അസിസ്റ്റന്റ്മാരുടെയും നിയമനാംഗീകാരം, സർവീസ് സംബന്ധമായ എല്ലാ കാര്യങ്ങളും (മെഡിക്കൽ റി ഇംപേഴ്സ് മെന്റ്, പി.എഫ്, പെൻഷൻ, സ്റ്റാഫ് ഫിക്- സേഷൻ തുടങ്ങിയവ.)**<br><br>**ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ പ്രൊബേഷൻ, ലീവ്, പെൻഷൻ, പി.എഫ് തുടങ്ങിയവയും, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്കും, സർക്കാരിലേയ്ക്കും അയക്കുന്ന എല്ലാത്തരം പ്രൊപ്പോസലുകളുടെയും പരിശോധന. എന്നിവയാണ് ആർ ഡി ഡി ഓഫീസിൽ ചെയ്യുന്ന പ്രധാന പ്രവർത്തനങ്ങൾ.** |
| (ബി) | എറണാകുളം ആർ.ഡി.ഡി. ഓഫീസിനു കീഴിൽ വരുന്ന സ്കൂളുകളിൽ എത്ര ജീവനക്കാരുണ്ട് എന്ന് അറിയിക്കുമോ; അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം തരംതിരിച്ച് ലഭ്യമാക്കുമോ; | (ബി) | എറണാകുളം ആർ ഡി ഡി ഓഫീസിനു കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.<br><br>എയ്ഡഡ് മേഖല |

| | | | |
|---|---|---|---|
| | | | എച്ച് എസ് എസ് റ്റി സീനിയർ-2412<br><br>എച്ച് എസ് എസ് റ്റി ജൂനിയർ-862<br><br>ലബോറട്ടി അസിസ്റ്റന്റ് -365<br><br><u>ഗവൺമെന്റ് മേഖല</u><br><br>എച്ച് എസ് എസ് റ്റി സീനിയർ-656<br><br>എച്ച് എസ് എസ് റ്റി ജൂനിയർ-473<br><br>ലബോറട്ടി അസിസ്റ്റന്റ്-255 |
| (സി) | ഈ ഓഫീസിന് സ്വന്തമായി വാഹനം ഉണ്ടോ എന്ന് അറിയിക്കുമോ; എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ; | (സി) | എറണാകുളം ആർ ഡി ഡി ഓഫീസിന് സ്വന്തമായി വാഹനം ഇല്ല |
| (ഡി) | ആർ.ഡി.ഡി. ഓഫീസിനായി ഒരു കെട്ടിടം തിരഞ്ഞെടുക്കുമ്പോൾ അതിനു നിഷ്കർഷിക്കുന്ന വിസ്തീർണം അടക്കമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കുമോ; സ്വന്തമായി കെട്ടിടമില്ലാത്ത ആർ.ഡി.ഡി. ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കാമോ എന്ന് അറിയിക്കുമോ; ഇതിനായി വാടക എത്രരൂപ വരെ പ്രതിമാസം അനുവദിക്കപ്പെടും എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | സർക്കാർ ഓഫീസുകളുടെ വിസ്തീർണം തിട്ടപ്പെടുത്തി മാനദണ്ഡം തയ്യാറാക്കുന്നത് പൊതുമരാമത്ത് വകുപ്പാണ്, ഹയർ സെക്കൻഡറി വിഭാഗം എറണാകുളം ആർ ഡി ഡി ഓഫീസ് ഇടപ്പള്ളിയിലെ എസ് ആർ വി ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് ആയതിന് വാടക ഇല്ല, ഹയർ സെക്കൻഡറി ആർഡിഡി ഓഫീസുകളിൽ തിരുവനന്തപുരം ആർ ഡി ഡി ഓഫീസ് മാത്രമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഇതിനായി വാടക എത്ര രൂപ വരെ അനുവദിക്കപ്പെടും എന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ